ഭരണഭാഷ – മാതൃഭാഷ

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം – 33

Phone : 0471 – 2324951
0471 – 2325071
Tele FAX : 0471 – 2324951
e-mail : celsgd@gmail.com
website : www.celsgd.kerala.gov.in

**നം. ഡിബി3–5215/2013/സിഇ/തസ്വഭവ** **തീയതി 10.06.2020**

## പരിപത്രം

വിഷയം : തസ്വഭവ (സാങ്കേതിക വിഭാഗം) – ഗ്രാമപഞ്ചായത്തുകളിൽ താൽക്കാലികമായി കരാർ വ്യവസ്ഥയിൽ അസി. എഞ്ചിനീയർ / ഓവർസിയർ – നിയമിക്കുന്നത് സംബന്ധിച്ച്

സൂചന :
1) 25.07.2015–ലെ സ.ഉ(സാധാ)നം. 2282/2015/തസ്വഭവ നമ്പർ ഉത്തരവ്
2) 19.11.2012–ലെ സ.ഉ(സാധാ)നം. 3181/2012/തസ്വഭവ നമ്പർ ഉത്തരവ്
3) 20.11.2012–ലെ സ.ഉ(സാധാ)നം. 3199/2012/തസ്വഭവ നം. ഉത്തരവ്
4) 01.12.2012–ലെ സ.ഉ(സാധാ)നം. 3318/2012/തസ്വഭവ നമ്പർ ഉത്തരവ്

ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് എഞ്ചിനീയർ / ഓവർസിയർ എന്നീ തസ്തികകളിൽ ഉദ്യോഗസ്ഥരില്ലാതെ ഒഴിഞ്ഞുകിടക്കുകയാണെങ്കിൽ ടി തസ്തികകളിലേയ്ക്ക് നിയമനം ഉണ്ടാകുന്നതുവരെയുള്ള കാലയളവിലേയ്ക്ക് താൽക്കാലികാടിസ്ഥാനത്തിൽ കരാർ വ്യവസ്ഥയിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന് സർക്കാർ ഉത്തരവുണ്ട്. കരാർ വ്യവസ്ഥയിൽ നിയമിക്കുന്നതിന് തനത് ഫണ്ടിൽ നിന്നോ, ജനറൽ പർപ്പസ് ഫണ്ടിൽ നിന്നോ വേതനം നൽകുന്നതിനും മേൽ സൂചനകൾ പ്രകാരം ഉത്തരവായിട്ടുണ്ട്.

ഇതിനായി പ്രധാന പത്രങ്ങളിൽ പ്രസ് റിലീസ് നൽകി അപേക്ഷകൾ സ്വീകരിക്കാവുന്നതാണ്. ഇങ്ങനെ കരാർ നിയമനം നൽകുമ്പോൾ വിരമിച്ച എഞ്ചിനീയർമാരുടെ സേവനവും ഉപയോഗപ്പെടുത്താവുന്നതാണ്. നിശ്ചിത യോഗ്യതയുള്ള എഞ്ചിനീയർമാരെ ബന്ധപ്പെട്ട ബ്ലോക്ക്പഞ്ചായത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ അഭിപ്രായം കൂടി സ്വീകരിച്ച് അതാത് ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്ക് തെരഞ്ഞെടുക്കാവുന്നതാണ്.

കരാർ വ്യവസ്ഥയിൽ നിയമിക്കപ്പെടുന്ന അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് ₹ 30,000/- രൂപയും, ഓവർസിയർമാർക്ക് ₹ 20,000/- രൂപയും പ്രതിമാസം ഹോണറേറിയം നൽകുന്നതിന് സൂചന (1) പ്രകാരം സർക്കാർ ഉത്തരവുണ്ട്. ടി ഉത്തരവുകൾ പാലിച്ച് മേൽ പ്രസ്താവിച്ച തസ്തികകളിലേയ്ക്ക് ഉദ്യോഗസ്ഥരുടെ നിയമനം ഉണ്ടാകുന്നതുവരേയ്ക്കും താൽക്കാലിക നിയമനം നടത്താവുന്നതാണ്.

**ചീഫ് എഞ്ചിനീയർ**

P 441

9276
29/7/15

11

# കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് 30,000/- രൂപയും ഓവർസീയർമാർക്ക് 20,000/- രൂപയും പ്രതിമാസം ഹോണറേറിയം നൽകുന്നതിന് അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യൂ) വകുപ്പ്

സ.ഉ. (സാധാ) നം.2282/2015/തസ്വഭവ. തിയ്യതി, തിരുവനന്തപുരം, 25-07-2015.

---

പരാമർശം 1 19-11-2012-ലെ സ.ഉ. (സാധാ) നം. 3181/2012/തസ്വഭവ.
2 20-11-2012-ലെ സ.ഉ. (സാധാ) നം. 3199/2012/തസ്വഭവ.
3 01-12-2012-ലെ സ.ഉ. (സാധാ) നം. 3318/2012/തസ്വഭവ.
4 15-07-2015-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 2.5 നമ്പർ തീരുമാനം.

<u>ഉത്തരവ്</u>

എഞ്ചിനീയർമാർ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ താത്ക്കാലികമായി കരാർ വ്യവസ്ഥയിൽ എഞ്ചിനീയർമാരെ നിയമിക്കാൻ പരാമർശം 1 പ്രകാരം അനുമതി നൽകി കൊണ്ടും, പരാമർശം 2-ഉം 3-ഉം പ്രകാരം വേതനം നിശ്ചയിച്ചും, വേതനം പുതുക്കി നിശ്ചയിച്ചു കൊണ്ടും അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകിയും ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു.

പരാമർശം 4-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 2.5 നമ്പർ തീരുമാനപ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് 30,000/- രൂപയും ഓവർസീയർമാർക്ക് 20,000/- രൂപയും പ്രതിമാസം ഹോണറേറിയം നൽകുന്നതിന് അനുവദിച്ച് തീരുമാനിച്ചു.

ഈ സാഹചര്യത്തിൽ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് 30,000/- രൂപയും ഓവർസീയർമാർക്ക് 20,000/- രൂപയും പ്രതിമാസം ഹോണറേറിയം നൽകുന്നതിന് അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എച്ച്. സൈമൺ**
ഡെപ്യൂട്ടി സെക്രട്ടറി

1 ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം

2 പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
3 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും / സെക്രട്ടറിമാർക്കും .(തസ്വഭവ. ചീഫ് എഞ്ചിനീയർ മുഖേന)
4 എല്ലാ ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും. (തസ്വഭവ. ചീഫ് എഞ്ചിനീയർ മുഖേന)
5 അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
6 ബന്ധപ്പെട്ട സബ് ട്രഷറി ഓഫീസർമാർക്ക്
7 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി
8 തദ്ദേശ സ്വയം ഭരണ (ഡി.എ) വകുപ്പ്
9 വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
10 കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ